ക്ഷീര വികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ

95 (1149) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(സി) പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ക്ഷീര വികസന വകുപ്പിനുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിജ്ഞാന വ്യാപന പ്രവർത്തനം മിൽക്ക് ഷെഡ് പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണ പദ്ധതി, പുൽകൃഷി വ്യാപന സഹായ പദ്ധതി, ഗ്രാമീണ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനായി പാലുല്പന്ന നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക തുടങ്ങിയവയാണ് ക്ഷീര വികസന വകുപ്പു മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) ഒരു പദ്ധതിയും ഇപ്പോഴില്ല.

(സി) ബ്ലോക്ക് തലത്തിൽ ക്ഷീര വിജ്ഞാന വ്യാപന യൂണിറ്റുകൾ, ജില്ലാ തലത്തിൽ ഗുണനിയന്ത്രണ യൂണിറ്റുകൾ, ജില്ലാ ഓഫീസുകൾ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ, പദ്ധതി മേൽനോട്ടം വഹിക്കുവാനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് വിഭാഗം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) സംസ്ഥാന ക്ഷീരവകുപ്പ് ക്ഷീര കർഷകർക്ക് പ്രയോജനകരമായ വിധത്തിലാണ് പ്രവർത്തിക്കുന്നത്. കൂടുതൽ പ്രയോജനകരമായ പ്രവൃത്തികൾ ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുന്നതാണ്.

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

96 (1150) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ ഉൽപ്പാദനം വിപണനം ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly